**പതിമൂന്നാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-2016)

## പതിമൂന്നാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2009-2011)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)

**പതിമൂന്നാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2009-2011)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

248/2016.

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2014-2016)

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോസ് തെറ്റയിൽ

<u>അംഗങ്ങൾ</u> :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2009-2011)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2016 ഫെബ്രുവരി 17-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

വിവിധങ്ങളായ സ്ത്രീശാക്തീകരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അതുവഴി സംസ്ഥാനത്തെ സ്ത്രീകളുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനും 1988-ൽ സ്ഥാപിതമായ കേരള വനിതാ വികസന കോർപ്പറേഷന്റെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ 1994-95-നു ശേഷമുള്ളത് കുടിശ്ശികയായതു സംബന്ധിച്ച് സമിതി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടാണ് സമിതി (2009-2011)-യുടെ 5-ാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ട് 2009 ജൂലൈ മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 5 ശിപാർശകൾ ഉൾപ്പെടുത്തിയിരുന്നു. റിപ്പോർട്ടിലെ 1 മുതൽ 4 വരെയുള്ള ശിപാർശകൾക്ക് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും 5-ാമത്തെ ശിപാർശ സംബന്ധിച്ച മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളും താഴെ ചേർക്കുന്നു:

<u>ശിപാർശ</u>

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും കഴിഞ്ഞ 14 വർഷമായി 72 കോടിയിലധികം രൂപ ലഭിച്ചിട്ടുള്ള കോർപ്പറേഷന്റെ 1995-96 മുതലുള്ള കണക്കുകൾ ഓഡിറ്റ് ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല. 3-1-2007, 16-6-2009 എന്നീ തീയതികളിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും കുടിശ്ശിക റിപ്പോർട്ടുകൾ സംബന്ധിച്ച ഒരു ഷെഡ്യൂൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ലഭ്യമാക്കിയ ഷെഡ്യൂൾ പ്രകാരം റിപ്പോർട്ടുകൾ സമർപ്പിക്കാത്തത് അക്ഷന്തവ്യമായ കൃത്യവിലോപമാണ്. ഇക്കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭാഗത്തുനിന്നും ഗുരുതരമായ അലംഭാവവും വീഴ്ചയുമാണ് സംഭവിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. സമിതിയുടെ രണ്ട് തെളിവെടുപ്പിനുശേഷവും 1994-95-നുശേഷമുള്ള ഒരു വർഷത്തെ റിപ്പോർട്ടുപോലും പൂർത്തിയാക്കാൻ കോർപ്പറേഷന് സാധിച്ചിട്ടില്ല. ഇപ്പോൾ ലഭ്യമാക്കിയ ഷെഡ്യൂൾ പ്രകാരം 1995-96 മുതൽ 2006-07 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 30-9-2014-നകം പൂർത്തിയാക്കാമെന്നാണ് കോർപ്പറേഷൻ അറിയിച്ചിരിക്കുന്നത്. ഈ ഷെഡ്യൂൾ പ്രകാരം കുടിശ്ശിക പൂർത്തിയാക്കിയാലും 7 വർഷത്തെ കുടിശ്ശിക പിന്നെയും നിലനിൽക്കുന്നതാണ്. തികഞ്ഞ ലാഘവത്തോടെയാണ് കോർപ്പറേഷൻ ഈ പ്രശ്നത്തെ സമീപിക്കുന്നതെന്ന് വ്യക്തമാണ്. ഈ സ്ഥാപനത്തിന്റെ കുടിശ്ശികയുള്ള റിപ്പോർട്ടുകൾ പൂർത്തീകരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും 1995-96 മുതൽ 2008-09 വരെയുള്ള കണക്കുകൾ 2010 ഡിസംബർ 31-നകം പൂർത്തിയാക്കുകയും ചെയ്യണം. കുടിശ്ശികയുള്ള അക്കൗണ്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമെങ്കിൽ കരാർ അടിസ്ഥാനത്തിൽ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കും.

(ശിപാർശ 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനിതാ വികസന കോർപ്പറേഷന്റെ 1995-96 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഫൈനലൈസേഷൻ, ഓഡിറ്റ് എന്നിവയുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | നിലവിലെ അവസ്ഥ |
|---|---|
| 1995-96<br>1996-97<br>1997-98<br>1998-99<br>1999-2000 | പ്രിന്റ് ചെയ്ത വാർഷിക കണക്കുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട് |
| 2000-01<br>2001-02 | വാർഷിക കണക്കുകളുടെ ഫൈനലൈസേഷൻ പൂർത്തിയാക്കുകയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാർഷിക കണക്കുകൾ സി. & എ.ജി. ഓഡിറ്റ് പൂർത്തിയാക്കി ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03<br>2003-04 | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2004-05<br>2005-06 | വാർഷിക കണക്കുകളിലെ ഫൈനലൈസേഷൻ പൂർത്തിയാക്കി വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. |
| 2006-07<br>2007-08<br>2008-09 | ഡേറ്റാ എൻട്രി ജോലികൾ പൂർത്തിയാവുകയും ഫൈനലൈസേഷൻ പുരോഗമിക്കുകയും ചെയ്യുന്നു. |
| 2009-10<br>2010-11<br>2011-12 | പ്രിന്റ് ചെയ്ത വാർഷിക കണക്കുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2013-14 | ഡേറ്റാ എൻട്രി ജോലികൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. |

## ശിപാർശ

കോർപ്പറേഷന്റെ അക്കൗണ്ട്സ്, ഫിനാൻസ് വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് യോഗ്യതയുള്ള സ്ഥിരം ജീവനക്കാർ ആവശ്യത്തിന് നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോർപ്പറേഷനിലുള്ള ബഹുഭൂരിപക്ഷം ജീവനക്കാരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കരാറടിസ്ഥാനത്തിലുമുള്ളവരാണ്. ഈ പരാധീനത പരിഹരിക്കുന്നതിന് സ്ഥാപനത്തിൽ അവശ്യംവേണ്ട സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുകയും ചെയ്ത് കോർപ്പറേഷന്റെ പാറ്റേൺ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. അതോടൊപ്പം അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിന് യോഗ്യതയും പ്രാപ്തിയും ഉള്ള ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ശിപാർശ 2)

## സർക്കാർ സ്വീകരിച്ച നടപടികൾ

1988-ൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ആരംഭിച്ച വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ 42 അംഗീകൃത തസ്തികകളാണ് ഉള്ളത്. കോർപ്പറേഷന്റെ സ്ഥിരം ജീവനക്കാർ 16 പേരും ബാക്കിയുള്ളവർ ഡെപ്യൂട്ടേഷൻ/കരാർ അടിസ്ഥാനത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി വകകൊള്ളിച്ചിട്ടുള്ളത് 825 ലക്ഷം രൂപയാണ്. കൂടാതെ വിവിധ ദേശീയ കോർപ്പറേഷനുകളുടെ സഹകരണത്തോടെ 2014-15-ൽ 40 കോടിയോളം രൂപയുടെ വായ്പാ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടത് അത്യാവശ്യമായതിനാലും 15 വർഷങ്ങൾക്കുമുമ്പ് അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ ആണ് കോർപ്പറേഷനിൽ ഇപ്പോഴും നിലവിലുള്ളത് എന്നതിനാലും സ്റ്റാഫ് പാറ്റേൺ പുതുക്കേണ്ടത് അത്യാവശ്യമാണ്. സ്ഥിരം ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനും സ്റ്റാഫ് പാറ്റേണിൽ കാലോചിതമായി മാറ്റം വരുത്തുന്നതിനുമായി ഡയറക്ടർ ബോർഡിന്റെ 111-ാമത് യോഗ തീരുമാന പ്രകാരം സി.എം.ഡി.യെ കൊണ്ട് പഠനം നടത്താൻ തീരുമാനിക്കുകയും റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ഉണ്ടായി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സ്റ്റാഫ് പാറ്റേൺ, അക്കൗണ്ട്സ് വിഭാഗം ഉൾപ്പെടെ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ

സമിതി (2006-2009)യുടെ ഒന്നാമത് റിപ്പോർട്ടിലെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനെ സംബന്ധിച്ച ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഗവൺമെന്റ് ലഭ്യമാക്കിയത് സമിതി വീണ്ടും ഒരു

തെളിവെടുപ്പുകൂടി നടത്തിയ ശേഷമാണ്. ശിപാർശകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നത് സമിതിയോടുള്ള തികഞ്ഞ അനാദരവായി മാത്രമേ കാണാൻ കഴിയൂ. ഭാവിയിൽ ഇത്തരം അനാസ്ഥ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും ശിപാർശകൾ സംബന്ധിച്ച മറുപടി/റിപ്പോർട്ട് സമയബന്ധിതമായും കൃത്യമായും ലഭ്യമാക്കുന്നതിൽ വകുപ്പ് കൂടുതൽ ഉത്തരവാദിത്വം കാണിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

(ശിപാർശ 3)

സർക്കാർ സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ഓഫീസിൽനിന്നും ശിപാർശ സംബന്ധിച്ച ഖണ്ഡിക തിരിച്ചുള്ള റിപ്പോർട്ട് ലഭിക്കുവാനും ശിപാർശയിന്മേൽ മറുപടി ലഭിക്കുവാനും കാലതാമസം നേരിട്ടതിനാലാണ് സമിതിക്ക് കൃത്യസമയത്ത് മറുപടി സമർപ്പിക്കുവാൻ സാധിക്കാതിരുന്നത്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും നിയമസഭാ സമിതിയുടെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കുവാനും പരമാവധി ശ്രമിക്കുന്നതാണ്.

ശിപാർശ

ഓഡിറ്റ് ഫീസ് തർക്കംമൂലം കണക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ തടസ്സം നേരിടുന്നുവെന്ന വാദം യുക്തിക്ക് നിരക്കുന്നതല്ല. ഓഡിറ്റ് ചെയ്യുന്നതിന് കാലോചിതവും ന്യായവുമായ ഫീസ് നിശ്ചയിക്കുന്നതിന് ഗവൺമെന്റ് നയപരമായ തീരുമാനം കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ശിപാർശ 4)

സർക്കാർ സ്വീകരിച്ച നടപടി

കോർപ്പറേഷന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഫീസ് തീരുമാനിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല.

ശിപാർശ

1995-96 സാമ്പത്തികവർഷം മുതലുള്ള കണക്കുകളുമായി ബന്ധപ്പെട്ട ചില രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നാണ് കോർപ്പറേഷൻ അറിയിച്ചത്. 1995-96 മുതൽ പല പ്രാവശ്യം ഹെഡ് ഓഫീസ് മാറ്റിസ്ഥാപിക്കേണ്ടിവന്നിട്ടുള്ളതിനാൽ ഏത് കാലയളവിലാണ് പ്രസ്തുത രേഖകൾ നഷ്ടപ്പെട്ടതെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ അതുമായി ബന്ധപ്പെട്ട് ആർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടില്ലെന്നുമാണ് സാമൂഹ്യക്ഷേമ വകുപ്പ് അറിയിച്ചിരിക്കുന്നത്. തികഞ്ഞ നിരുത്തരവാദപരമായ മറുപടിയാണ്

സാമൂഹ്യക്ഷേമ വകുപ്പ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽനിന്നുള്ള സഹായവും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുമായി 72 കോടിയിലേറെ രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് നൽകിയ മറുപടി ആശങ്കാജനകവും കുറ്റകരവുമാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് വിജിലൻസ് അന്വേഷണം ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ച് രേഖകൾ നഷ്ടപ്പെടാനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ശിപാർശ 5)

സർക്കാർ സ്വീകരിച്ച നടപടി

പ്ലാൻ ഫണ്ടിൽ നിന്നുള്ള സഹായവും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുമായി 72 കോടിയിലേറെ രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ വനിതാ വികസന കോർപ്പറേഷനിൽനിന്നും നഷ്ടപ്പെട്ടത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനായി വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട പ്രസ്തുത ശിപാർശയിന്മേൽ നാളിതുവരെ അന്തിമ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

248/2016.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.